# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3870 — 12.12.2018- ൽ മറുപടിയ്ക്ക്

### യു.എ.ഇ.യിലെ പൊതുമാപ്പ്

| ചോദ്യം<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | യു.എ.ഇ.യിലെ പൊതുമാപ്പിനെത്തുടർന്ന് നാട്ടിലേക്ക് മടങ്ങിയ മലയാളികൾക്ക് നോർക്ക റൂട്ട്സ് എന്തെല്ലാം സഹായങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | നോർക്ക റൂട്ട്സ് ഡയറക്ടർമാരും യു.എ.ഇ.-യിലെ ലോക കേരള സഭാംഗങ്ങളും മുൻകൈയെടുത്താണ് യു.എ.ഇ.-യിൽ പൊതുമാപ്പ് ലഭിച്ച മലയാളികളെ നാട്ടിലേയ്ക്ക് തിരികെ കൊണ്ടുവന്നത്. നോർക്ക റൂട്ട്സ് ചെയർമാൻ കൂടിയായ ബഹു.മുഖ്യമന്ത്രിയുടെ അഭ്യർത്ഥന പ്രകാരം നോർക്ക റൂട്ട്സ് ഡയറക്ടറായ ശ്രീ. രവി പിള്ള പൊതു മാപ്പ് ലഭിക്കുന്ന മലയാളികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകാൻ സന്നദ്ധത അറിയിക്കുകയും ആയത് ലഭ്യമാക്കുകയും ചെയ്തു. |
| ബി) | യു.എ.ഇ യിലെ മലയാളികളെ സഹായിക്കാനായി ഏതെങ്കിലും സംഘത്തെ നിയോഗിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | ബി) & സി) | യു.എ.ഇ. യിലെ ലോക കേരള സഭാംഗവും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ഡയറക്ടറുമായ ശ്രീ. കൊച്ചുകൃഷ്ണനെയാണ് മലയാളികളെ സഹായിക്കാനായി നിയോഗിച്ചത്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം യു.എ.ഇ.-യിൽ ഇതിനായി പ്രവർത്തിച്ചു. |
| സി) | എങ്കിൽ ഈ സംഘത്തിൽ എത്ര പേരുണ്ടായിരുന്നുവെന്നും അവർ ആരൊക്കെയായിരുന്നുവെന്നും നേതൃത്വം വഹിച്ചത് ആരായിരുന്നുവെന്നും വ്യക്തമാക്കാമോ; | | |
| ഡി) | പ്രസ്തുത സംഘം യു.എ.ഇ. യിൽ എത്ര ദിവസം ഉണ്ടായിരുന്നുവെന്നും മലയാളികൾക്ക ഇവർ ചെയ്ത് കൊടുത്ത സഹായങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; | ഡി) | ഈ സംഘത്തിലെ അംഗങ്ങൾ യു.എ.ഇ.യിൽ ജോലി ചെയ്യുന്ന വ്യക്തികളാണ്. പൊതുമാപ്പ് ലഭിച്ച മലയാളികളുടെ വിവരങ്ങൾ നോർക്ക റൂട്ട്സ് ഡയറക്ടറായ ശ്രീ. രവിപിള്ള ചെയർമാനായ ആർ.പി.ഗ്രൂപ്പിന് കൈമാറുകയും ആയതിൻപ്രകാരമുള്ള വ്യക്തികൾക്ക് സൗജന്യ വിമാന യാത്ര ടിക്കറ്റ് ലഭ്യമാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| ഇ) | ഈ സംഘത്തിന്റെ യു.എ.ഇ യാത്രയ്ക്കും താമസത്തിനും മറ്റു പ്രവർത്തനങ്ങൾക്കും ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | ഇ) | ഈ പ്രവർത്തനം പ്രതിഫലമില്ലാതെ നടത്തിയ സേവനമായതിനാൽ തുകയൊന്നും ചെലവായിട്ടില്ല. |

സെക്ഷൻ ഓഫീസർ